# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 1803

21.01.2014-ൽ മറുപടിയ്ക്ക്

## അറവുശാലകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമങ്ങളിലെ അറവുശാലകൾ നിലവാരമുള്ളതാക്കുന്നതിനായി 2013-14-ൽ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു; | (എ) | 2013-14 ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകളിൽ അറവുശാലകൾ നിർമ്മിക്കുന്നതിന് 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എന്ത് തുക ചെലവഴിച്ചു; ഏതെല്ലാം അറവുശാലകൾ നവീകരിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ ; | (ബി) | തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇതേ ആവശ്യത്തിലേയ്ക്കായി 'അറവുശാലകളുടെ നിർമ്മാണം' എന്ന ഹെഡിൽ 2011-12, 2012-13 വർഷങ്ങളിൽ ബഡ്ജറ്റിൽ എന്ത് തുക വീതം നീക്കിവച്ചിരുന്നു; ഇതിൽ എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചു എന്നറിയിക്കാമോ? | (സി) | ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. എന്നാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ